**സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഓൺലൈൻ വിദ്യാഭ്യാസം ആരംഭിക്കുന്നതിന് കുട്ടികൾക്ക് ആവശ്യമുള്ള ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള 'വിദ്യാകിരണം' പോർട്ടലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 04/09/2021 ശനിയാഴ്ച രാവിലെ 11.30 ന് ചേർന്ന യോഗത്തിന്റെ മിനിട്ട്സ്.**

വിദ്യാഭ്യാസ ഉപഡയറക്ടർമാർ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ, അസിസ്റ്റന്റ് ഡയറക്ടർമാർ, കൈറ്റ് പ്രതിനിധി, ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ എന്നിവർ ഓൺലൈൻ മുഖേന നടന്ന യോഗത്തിൽ പങ്കെടുത്തു. യോഗത്തിലേയ്ക്ക് ഏവരെയും സ്വാഗതം ചെയ്ത് സംസാരിച്ച ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയും ഡയറക്ടറും 'വിദ്യാകിരണം' പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും പദ്ധതിയുടെ ഗുണഫലം സമയബന്ധിതമായി വിദ്യാർത്ഥി സമൂഹത്തിന് ലഭ്യമാക്കുന്നതിന് വകുപ്പു തലത്തിൽ വിദ്യാഭ്യാസ ആഫീസർമാർ സ്വീകരിക്കേണ്ട നടപടികളും വിശദീകരിച്ചു. കൂടാതെ സർക്കാരിന്റെ 100 ദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ പൊതുവിദ്യാലയങ്ങളുടെയും, ലാബുകളുടേയും, ലൈബ്രറികളുടേയും ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി ഈ മാസം 14-ാം തീയതി നിർവ്വഹിക്കാൻ തീരുമാനിച്ചിരിക്കുന്ന വിവരവും യോഗത്തെ അറിയിച്ചു.

വിവിധതലങ്ങളിൽ വിദ്യാഭ്യാസ ആഫീസർമാർക്കുള്ള ചുമതലകൾ യോഗ തീരുമാനങ്ങളായി ചുവടെ ചേർക്കുന്നു.

- വിദ്യാകിരണം പോർട്ടൽ സംബന്ധിച്ച കൃത്യമായ അറിവ് താഴേതട്ടിൽ വരെ എത്തി എന്ന് ഉറപ്പാക്കുക.
- സ്കൂൾതലമുൾപ്പെടെ വിവിധതലങ്ങളിൽ രൂപീകരിച്ചിരിക്കുന്ന സമിതികൾ കൃത്യമായി ചേരുന്നുണ്ടെന്ന് ഉറപ്പാക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് വിലയിരുത്തുകയും ചെയ്യേണ്ടതാണ്.
- ഔദ്യോഗിക തലത്തിൽ ശേഖരിച്ച ഡിജിറ്റൽ ഉപകരണങ്ങളുടെ അപര്യാപ്തയുടെ എണ്ണം കുറയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- ഏതെങ്കിലും തരത്തിൽ ഡിജിറ്റൽ ഉപകരണം ലഭ്യമായ കുട്ടികളെ സമ്പൂർണ്ണ പോർട്ടലിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികളും, പട്ടികവർഗ്ഗ വിഭാഗം, മറ്റു വിഭാഗം കുട്ടികളുടേയും വിശദാംശങ്ങൾ അപ്ഡേഷൻ വരുത്തുന്നതിനുമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

- ജില്ലകളിൽ നടന്ന 'വിദ്യാകിരണം' പദ്ധതി പ്രവർത്തനങ്ങളുടെ 15-ാം തീയതി വരെയുള്ള പുരോഗതി റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർതലത്തിൽ ക്രോഡീകരിച്ച് ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയ്ക്ക് നൽകണം.
- 14-ാം തീയതി നടത്തുന്ന സ്കൂൾ കെട്ടിടങ്ങളുടെയും, ലാബുകളുടേയും, ലൈബ്രറികളുടെയും ഉദ്ഘാടനത്തിനായി വിപുലമായ സ്വാഗതസംഘം ഉടൻ തന്നെ രൂപീകരിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നിർദ്ദേശം നൽകി.

യോഗ നടപടികൾ ഉച്ചയ്ക്ക് 12 മണിയ്ക്ക് അവസാനിച്ചു.

(ഒപ്പ്/-)

***പൊതുവിദ്യാഭ്യാസ ഡയറക്ടർ***